# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

## കാലിക്കറ്റ് സർവ്വകലാശാലാ BPE (ഇന്റഗ്രേറ്റഡ്) & BPEd എന്നീ പ്രോഗ്രാമുകളിലേക്കുള്ള പൊതുപ്രവേശന പരീക്ഷയ്ക്ക് ജൂൺ 17 വരെ അപേക്ഷിക്കാം

2023-24 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാലസെന്ററുകളിലെ ബിപിഇ ഇന്റഗ്രേറ്റഡ് ഗവ. കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ ബി.പി.എഡ്., ബിപിഇ ഇന്റഗ്രേറ്റഡ്., എന്നീ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി (CUCAT 2023 ന്റെ ഭാഗമായി) നടത്തുന്ന പൊതു പ്രവേശന പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ 09.06.2023 ന് ആരംഭിച്ച് 17.06.2023 ന് വൈകുന്നേരം 5 മണിക്ക് അവസാനിക്കും. 2 വർഷ ബി.പി.എഡ്. പ്രോഗ്രാമിന് ബിരുദ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും, 4 വർഷ BPE (ഇന്റഗ്രേറ്റഡ്) പ്രോഗ്രാമിന് പ്ലസ് ടു യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. 21.03.2023 തീയ്യതിയിലെ വിജ്ഞാപനപ്രകാരം ബി.പി.എഡ് പ്രോഗ്രാമിന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.

ജനറൽ വിഭാഗത്തിന് 580/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 255/- രൂപയുമാണ് അപേക്ഷാ ഫീസ്. പ്രവേശന പരീക്ഷ 29.06.2023(ബിപിഇ ഇന്റഗ്രേറ്റഡ്), 04.07.2023(ബി.പി.എഡ്) തിയ്യതികളിൽ നടക്കും.

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP ID യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission.uoc.ac.in -> CUCAT എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ഓ.ടി.പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. Final Submit & Pay എന്ന ബട്ടൺ ക്ലിക് ചെയ്യുന്നതിന് മുൻപേ അപേക്ഷയിൽ നൽകിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ.

പ്രവേശന വിജ്ഞാപനത്തിനും പ്രോസ്പെക്ടസിനും മറ്റ് വിശദവിവരങ്ങൾക്കും വെബ്സൈറ്റ് (admission.uoc.ac.in) സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017.

(ഒപ്പ്)

ഡയറക്ടർ

C.U. Campus

08.06.2023

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)